13875
14/8/19

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - വനിത ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന നിർഭയ സെല്ലിൽ ക്ലർക്ക് തസ്തിക സൃഷ്ടിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ (കൈ) **നം.18/2019/സാ.നീ.വ.** തീയതി,തിരുവനന്തപുരം, **04.08.2019.**

പരാമർശം: 1) സ.ഉ (എം.എസ്) നം.20/2014/സാ.നീ.വ. തീയതി 03.03.2014
2) വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 29.03.2019 തീയതിയിലെ എൻ-515/17 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലെ (ഇപ്പോൾ വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ) നിർഭയ സെല്ലിൽ പരാമർശം (1) പ്രകാരം ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററുടെയും മൂന്ന് പ്രോഗ്രാം ആഫീസറുടെയും ഒരു അക്കൗണ്ട്സ് ആഫീസറുടെയും കരാർ നിയമനത്തിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിർഭയ സെല്ലിന്റെ കീഴിൽ 14 ജില്ലകളിലായി 16 വുമൺ & ചിൽഡ്രൻ ഹോം പ്രവർത്തിയ്ക്കുന്നു. കൂടാതെ തേജോമയ (ബ്രൈറ്റ് ചിൽഡ്രൻസ്), തേജോമയ (ആഫ്റ്റർ കെയർഹോം), തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ എസ്.ഒ.എസ്. ഹോമുകളും എല്ലാ ജില്ലകളിലും വൺസ്റ്റോപ്പ് സെന്ററുകളും പ്രവർത്തിയ്ക്കുന്നുണ്ട്. നിർഭയ സെൽ വഴി ലൈംഗികാതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, പ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നു. നിർഭയ സെല്ലിൽ ക്ലർക്ക് തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിയ്ക്കുന്നെന്നും ആയതിനാൽ 19000-43600 ശമ്പള സ്കെയിലിൽ ഒരു ക്ലർക്ക് തസ്തിക സൃഷ്ടിയ്ക്കുന്നതിന് പരാമർശം (2) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള നിർഭയ സെല്ലിൽ 19000-43600/- ശമ്പള സ്കെയിലിൽ ഒരു ക്ലർക്ക് തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ബിജു പ്രഭാകർ,**
**സ്പെഷ്യൽ സെക്രട്ടറി.**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WW-WW2/172/2019-ധന തീയതി 21.06.2019 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-08-2019

ഫയൽ നം.എ2/133/2018/സാ.നീ.വ. ഇനം നം: 3222

വിഷയം : സാമൂഹ്യനീതി വകുപ്പ് - വനിത ശിശു വികസന വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള നിർഭയ സെല്ലിൽ 19000-43600 ശമ്പള സ്കെയിലിൽ ഒരു ക്ലർക്ക് തസ്തിക സൃഷ്ടിയ്ക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

AS
GO be put up
urgently
2/8/19

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എ 2/133/2018-സാ.നീ.വ. |
| 2 | വകുപ്പ് | സാമൂഹ്യനീതി (എ) വകുപ്പ് |
| 3 | വിഷയം | വനിത ശിശു വികസന വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള നിർഭയ സെല്ലിൽ 19000-43600 ശമ്പള സ്കെയിലിൽ ഒരു ക്ലർക്ക് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.07.2019 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ലീലാമണി. കെ. എം. |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബിജു പ്രഭാകർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 15.07.2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22.07.2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.07.2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.07.2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 01.08.2019. |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | 04.08.2019 ലെ<br>സ.ഉ(കൈ) 18/2019-സാ.നീ.വ. |

# <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

വനിത ശിശു വികസന വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള നിർഭയ സെല്ലിൽ ക്ലർക്ക് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലെ (ഇപ്പോൾ വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ) നിർഭയ സെല്ലിൽ സ.ഉ (എം.എസ്) നം.20/2014/സാ.നീ.വ. തീയതി 03.03.2014 പ്രകാരം ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ - 1
2. പ്രോഗ്രാം ആഫീസർ - 3
3. അക്കൗണ്ട്സ് ആഫീസർ - 1
4. ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 2 (കരാർ നിയമനം)

നിർഭയ സെല്ലിന്റെ കീഴിൽ 14 ജില്ലകളിലായി 16 വുമൺ & ചിൽഡ്രൻ ഹോം പ്രവർത്തിക്കുന്നു. തേജോമയ (ബ്രൈറ്റ് ചിൽഡ്രൻസ്), തേജോമയ (ആഫ്റ്റർ കെയർഹോം) എന്നിവയും, എസ്.ഒ.എസ്. ഹോം, തിരുവനന്തപുരം, കോഴിക്കോട് എന്നീ ഹോമുകളും, എല്ലാ ജില്ലകളിലും വൺസ്റ്റോപ്പ് സെന്ററുകളും പ്രവർത്തിക്കുന്നു. കൂടാതെ ലൈംഗികാതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, പ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് നിർഭയ സെല്ലിൽ ഒട്ടനവധി ഫയലുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നു. എന്നാൽ നിർഭയ സെല്ലിൽ ക്ലർക്ക് തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ഓഫീസ് പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ, നിർഭയ സെല്ലിൽ 19000-43600 ശമ്പള സ്കെയിലിൽ ഒരു ക്ലർക്ക് തസ്തിക സൃഷ്ടിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. നിർഭയ സെല്ലിൽ ക്ലർക്ക് തസ്തിക സൃഷ്ടിക്കുന്നതുമൂലം പ്രതിവർഷം 3,60,000/- രൂപയുടെ അധിക ചെലവ് വരുന്നതാണെന്നും ആയത് 2235-02-103-79 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) മേൽ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി :

"നിർഭയ സെല്ലിൽ ഒരു ക്ലർക്ക് തസ്തികയ്ക്ക് അംഗീകാരം നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

4) മേൽ സാഹചര്യത്തിൽ വനിത ശിശു വികസന വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള നിർഭയ സെല്ലിൽ ഒരു ക്ലർക്ക് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വനിത ശിശു വികസന വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള നിർഭയ സെല്ലിൽ 19000-43600 ശമ്പള സ്കെയിലിൽ ഒരു ക്ലർക്ക് തസ്തിക സൃഷ്ടിക്കാമോ ?